# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2003

07.03.2017 ൽ മറുപടിക്ക്

## ശ്രീ. ജേക്കബ് തോമസിനെതിരെ നൽകിയ അന്വേഷണ റിപ്പോർട്ടിൻമേൽ നിയമോപദേശം

**ചോദ്യം:**

**ശ്രീ. എം.വിൻസെന്റ്**

**(എ)** അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ശ്രീ. കെ.എം.എബ്രഹാം, ശ്രീ.ജേക്കബ് തോമസിനെതിരെ മുഖ്യമന്ത്രിക്ക് നൽകിയ അന്വേഷണ റിപ്പോർട്ടിൻമേൽ നിയമോപദേശം തേടാൻ കാലതാമസം ഉണ്ടായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നേരിട്ടുതന്നെ നടപടിയെടുക്കണമെന്ന, 1992 ആഗസ്റ്റ് 20 ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്ന, നിർദ്ദേശം നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ;

**(സി)** ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരങ്ങളെപ്പറ്റി വിജിലൻസ് മാന്വലിൽ 'ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതത് വകുപ്പ് മേധാവികൾക്ക് നടപടി സ്വീകരിക്കാം' എന്നുണ്ടായിട്ടും ശ്രീ. ജേക്കബ് തോമസിന്റെ കാര്യത്തിൽ ശ്രീ.കെ.എം.എബ്രഹാമിന്റെ റിപ്പോർട്ടിൻമേൽ എന്തുകൊണ്ട് വകുപ്പു തലത്തിൽ നടപടി സ്വീകരിച്ചില്ല എന്ന് വിശദീകരിക്കുമോ;

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** അത്തരം ഒരു റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**(ബി), (സി) & (ഡി)** ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുറമുഖ വകുപ്പ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് വരികയാണ്.

(ഡി) ധനകാര്യ പരിശോധന റിപ്പോർട്ടുകളിൽ നടപടിയെടുക്കാൻ വൈകുന്ന വകുപ്പ് തലവന്മാർക്കെതിരെ നടപടിയെടുക്കുമെന്ന മുന്നറിയിപ്പ് നൽകികൊണ്ടുള്ള ചീഫ് സെക്രട്ടറിയുടെ 2003 ലെ സർക്കുലർ അനുസരിച്ച് ശ്രീ. ജേക്കബ് തോമസിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

Mary M

**സെക്ഷൻ ഓഫീസർ**